പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **6262** **07.11.2016**-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർ

ചോദ്യം

ശ്രീമതി. ഇ.എസ്. ബിജിമോൾ

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽ ഡ്രൈവർമാരെ നിയമിക്കുന്നതിനു വേണ്ടി പി.എസ്.സി. തയ്യാറാക്കിയ നിലവിലുള്ള റിസർവ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽ നിന്ന് നാളിതുവരെ എത്ര പേർക്ക് നിയമനം നൽകി എന്ന് വ്യക്തമാക്കുമോ; | (എ) | റിസർവ്വ് ഡ്രൈവർ റാങ്ക് ലിസ്റ്റിൽ നിന്നും കെ.പി.എസ്.സി നിയമനോപദേശം നൽകി കെ.എസ്.ആർ.ടി.സി.യ്ക്ക് കൈമാറിയ അഡ്വൈസ് ലിസ്റ്റിൽ നിന്നും 5804 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ നിലവിൽ ഈ തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ട് എന്ന് വ്യക്തമാക്കുമോ; | (ബി) | 23 എൻ.ജെ.ഡി ഒഴിവുകൾ ഉൾപ്പടെ ബസ്സുകളുടെ എണ്ണത്തിന് ആനുപാതികമായി 86 ഒഴിവുകൾ നിലവിലുണ്ട്. |
| (സി) | നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ? | (സി) | 01/2017 മുതൽ 12/2017 വരെയുള്ള ഡ്രൈവർ തസ്തികയിലെ പ്രതീക്ഷിത ഒഴിവുകളായ 670 എണ്ണം പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ